**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 22** **12-01-2021 - ൽ മറുപടിയ്ക്ക്**

**ആംഗ്ലോ ഇന്ത്യൻ പ്രാതിനിധ്യം സംരക്ഷിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വർഷങ്ങളായി ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലോകസഭയിലും നിയമസഭയിലും ഉണ്ടായിരുന്ന പ്രാതിനിധ്യം നിർത്തലാക്കിയ സാഹചര്യത്തിൽ ചരിത്രപ്രാധാന്യമുള്ളതും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുമായ പ്രസ്തുത സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഭരണഘടനയുടെ അനുച്ഛേദം 334(B) പ്രകാരം ആംഗ്ലോ - ഇന്ത്യൻ സമുദായത്തിന് ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ലഭിച്ചു വരുന്ന പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി കേന്ദ്രസർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം 2019 ഡിസംബർ 31-ാം തീയതി നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി. പ്രസ്തുത പ്രമേയത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായി 14.01.2020-ാം തീയതി ന്യൂനപക്ഷ ക്ഷേമ വകുപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചു നൽകി. നാളിതുവരെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും മറുപടിയൊന്നും ലഭ്യമായിട്ടില്ല. |
| (ബി) | എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | ഭരണഘടനയുടെ അനുച്ഛേദം 334(B) പ്രകാരം ആംഗ്ലോ - ഇന്ത്യൻ സമുദായത്തിന് ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ലഭിച്ചു വരുന്ന പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ ഭരണഘടനാ ഭേദഗതിക്കായി കേന്ദ്രസർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം 2019 ഡിസംബർ 31-ാം തീയതി നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി. പ്രസ്തുത പ്രമേയത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായി 14.01.2020-ാം തീയതി ന്യൂനപക്ഷ ക്ഷേമ വകുപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചു നൽകി. നാളിതുവരെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും മറുപടിയൊന്നും ലഭ്യമായിട്ടില്ല. |
| (സി) | സംസ്ഥാന നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ നോമിനേഷൻ പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്ന നിയമസഭാപ്രമേയത്തിന്മേൽ കേന്ദ്ര ആഭ്യന്തരമന്ത്രാലയം നടപടി | (സി) | ഭരണഘടനയുടെ അനുച്ഛേദം 334(B) പ്രകാരം ആംഗ്ലോ - ഇന്ത്യൻ സമുദായത്തിന് ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ലഭിച്ചു വരുന്ന പ്രാതിനിധ്യം തുടർന്നും ലഭിക്കാനാവശ്യമായ |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | | ഭരണഘടനാ ഭേദഗതിക്കായി കേന്ദ്രസർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം 2019 ഡിസംബർ 31-ാം തീയതി നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി. പ്രസ്തുത പ്രമേയത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായി 14.01.2020-ാം തീയതി ന്യൂനപക്ഷ ക്ഷേമ വകുപ്പ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചു നൽകി. നാളിതുവരെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും മറുപടിയൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ